## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് -ജീവനക്കാര്യം- പാലക്കാട് തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചുവരവെ വിരമിച്ച ശ്രീ. പി.വി. രാമചന്ദ്രൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 424/2015 നമ്പർ കേസ്സിൻമേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് -ഉത്തരവാകുന്നു

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

**സ.ഉ(സാധാ) നം.716/2016/തസ്വഭവ    തീയതി, തിരുവനന്തപുരം 20/02/2016**

---

പരാമർശം: 1. ശ്രീ. പി.വി. രാമചന്ദ്രൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 424/2015 നമ്പർ കേസ്സിൻമേലുള്ള 18/03/2015 ലെ ഉത്തരവ്

2. പഞ്ചായത്ത് ഡയറക്ടറുടെ 17/04/2015 ലെ ഇ 4-14989/2014 നമ്പർ കത്ത്.

3. സഉ(കൈ) നമ്പർ 224/14/തസ്വഭവ/തീയതി 12/12/2014.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്തിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും വിരമിച്ച ശ്രീ. പി.വി. രാമചന്ദ്രൻ ടിയാന് 15/03/2003 ൽ 50 വയസ് പൂർത്തിയായതിനാൽ വകുപ്പുതല പരീക്ഷയിൽ ഇളവു നൽകി ടി ദിവസം മുതൽ പ്രാബല്യത്തിൽ 20,23 വർഷത്തെ സേവനത്തിലുള്ള സമയബന്ധിത ഗ്രേഡ് അനുവദിക്കണമെന്ന അനക്സർ എ3 നിവേദനം പരിശോധിച്ച് രണ്ട് മാസങ്ങൾക്കകം തീരുമാനമെടുക്കണമെന്ന് പരാമർശം 1 പ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

ശ്രീ. പി.വി. രാമചന്ദ്രൻ 01.09.1975 ൽ ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. എസ്.എസ്.എൽ.സി പാസ്സായതിനാൽ ടിയാന് 16.09.1985 പ്രാബല്യത്തിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചു . പരാമർശം 3 ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ചട്ടങ്ങളിലെ ചട്ടം 9 ൽ ഉൾക്കൊള്ളിച്ചിട്ടുള്ള പരീക്ഷകൾ " സ്പെഷ്യൽ ക്വാളിഫിക്കേഷൻ " ടെസ്റ്റ് എന്നതിൽ നിന്നും ഒഴിവാക്കി " നിർബന്ധിത വകുപ്പ്തല പരീക്ഷ " എന്നാക്കി ഭേദഗതി ചെയ്തിരുന്നു . ടിയാന് 15.03.2003 ൽ 50 വയസ്സ് പൂർത്തിയായതിനാൽ വകുപ്പ്തല പരീക്ഷ വിജയിക്കുന്നതിൽ നിന്നും ഇളവ് 15.03.2003 പ്രാബല്യത്തിൽ നല്കാവുന്നതാണോ എന്നതിന്മേൽ പഞ്ചായത്ത് ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു . കൂടാതെ ടിയാൻ വകുപ്പ്തല പരീക്ഷകൾ പാസാകാത്ത സാഹചര്യത്തിൽ unqualified ശമ്പള നിരക്കിൽ ടിയാന്റെ അപേക്ഷ പരിഗണിച്ച് 20 & 23 വർഷത്തെ സേവനത്തിനുള്ള സമയബന്ധിത ഹയർഗ്രേഡ് യഥാക്രമം 01.09.1995 & 01.09.1998

തീയതികളിൽ നല്കുന്നതിന് അനുഭാവപൂർവ്വം പരിഗണിയ്ക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ശ്രീ. രാമചന്ദ്രന് 20 വർഷ യോഗ്യതാസേവനം പൂർത്തിയാക്കിയ മുറയ്ക്കുള്ള രണ്ടാം സമയബന്ധിത ഹയർഗ്രേഡ് 01/09/1995 തീയതി പ്രാബല്യത്തിൽ 08/12/1993 ലെ ജി ഒ(പി) നമ്പർ 930/93/(2) ഫിൻ സർക്കാർ ഉത്തരവ് പ്രകാരമുള്ള അയോഗ്യതാ സ്കെയിലായ 1125-1720 ൽ കെ.എസ്. ആർ. പാർട്ട് 1 ചട്ടം 28 എ പ്രകാരം നിർണ്ണയിച്ച് നൽകാവുന്നതാണ്.

(ii) 1997 ലെ ശമ്പള പരിഷ്കരണം 3590-5400 സ്കെയിലിൽ നിർണ്ണയിച്ച ശേഷം മൂന്നാം സമയബന്ധിത ഗ്രേഡ് 01/11/1998 പ്രാബല്യത്തിൽ ടിയാളുടെ ഓപ്ഷന് വിധേയമായി അയോഗ്യത സ്കെയിലായ 4000- 6090 സ്കെയിലിൽ കേരള സർവ്വീസ് റൂൾസ് പാർട്ട് 1 ൽ ചട്ടം 28 എ പ്രകാരം അനുവദിച്ച് നൽകാവുന്നതാണ്.

(iii) ടിയാന് 15.03.2003 ൽ 50 വയസ്സ് പൂർത്തിയായതിനാൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ചട്ടങ്ങളിലെ ചട്ടം 9 ൽ ഉൾക്കൊള്ളിച്ചിട്ടുള്ള പരീക്ഷകൾ " സ്പെഷ്യൽ ക്വാളിഫിക്കേഷൻ " ടെസ്റ്റ് എന്നതിൽ നിന്നും ഒഴിവാക്കി "നിർബന്ധിത വകുപ്പ്തല പരീക്ഷ" എന്നാക്കി ഭേദഗതി ചെയ്ത് ഉത്തരവായ തീയതി പ്രാബല്യത്തിൽ വകുപ്പ്തല പരീക്ഷ വിജയിക്കുന്നതിൽ നിന്നും ഇളവ് നൽകാവുന്നതാണ്.

ഇപ്രകാരം പരാമർശം 1 പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18/03/2015 ലെ ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(സേവനപുസ്തകം സഹിതം)
ശ്രീ. പി. രാമചന്ദ്രൻ, രാജശ്രീ, വെള്ളടിക്കുന്ന്, നെല്ലിക്കാതീരി പി.ഒ, പാവക്കാട്, പിൻ-679533 (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പ് (ഡെവ.1/166/2015-ഫിൻ തീയതി. 19/01/2016. പ്രകാരം )
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം.ഇ-31/ഇപിഎ 1/2015)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ